ഉത്തരം

(എ) ഉണ്ട്. വർക്കല റെയിൽവേ സ്റ്റേഷന്റെ പേര് 'വർക്കല ശിവഗിരി' എന്നു പുനർനാമകരണം ചെയ്യണമെന്ന നിർദ്ദേശം റെയിൽവേ മന്ത്രാലയത്തിൽനിന്നും സംസ്ഥാന ഗവൺമെന്റിനു ലഭിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത നിർദ്ദേശം സംസ്ഥാന സർക്കാർ അംഗീകരിക്കുകയും കേന്ദ്ര ആഭ്യന്തര വകുപ്പിന്റെ അനുമതിക്കായി സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

കൊറ്റി-കോട്ടപ്പുറം ജലഗതാഗതം കാര്യക്ഷമമാക്കുന്നതിന് നടപടി

134 [588] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കൻ കേരളത്തിലെ ജലഗതാഗത വകുപ്പിന്റെ ഏക സർവ്വീസായ കൊറ്റി-കോട്ടപ്പുറം സർവ്വീസ് കാര്യക്ഷമമാക്കുന്നതിന് തൃക്കരിപ്പൂരിലെ ആയിറ്റിൽ ഓഫീസ്, വർക്ക്ഷോപ്പ് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) ഇവിടത്തെ വലിയ വുഡൻ ബോട്ടുകൾക്കു പകരം ഫൈബർ ബോട്ടുകൾ ലഭ്യമാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ ഇതു സംബന്ധിച്ച നടപടികൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ) 6 ലക്ഷം രൂപ ചെലവഴിച്ച് ആയിറ്റിക്കടവിൽ ഒരു ഓഫീസ്-കം-വർക്ക്ഷോപ്പ് പണിയുന്നതിനുള്ള ഭരണാനുമതിയും പ്രസ്തുത കെട്ടിടം പണിയുന്നതിന് തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്തിനെ ചുമതലപ്പെടുത്തിയും 2003-2004-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ലോകസഭാ തിരഞ്ഞെടുപ്പ് പ്രഖ്യാപനത്തെ തുടർന്ന് എം.എൽ.എ. ഫണ്ട് വിനിയോഗിക്കുന്നതിന് തടസ്സം ഉണ്ടായതിനാൽ പ്രസ്തുത ഉത്തരവനുസരിച്ച് പണി ആരംഭിക്കാൻ കഴിഞ്ഞില്ല. നടപ്പുവർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽനിന്ന് ഇതിനായി ലഭ്യമാകുന്ന തുക ഉപയോഗിച്ച് പ്രസ്തുത ഓഫീസ്-കം-വർക്ക്ഷോപ്പ് പണിയുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഉണ്ട്. പുതിയ ഫൈബർ ബോട്ടുകൾ കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷനിൽ നിന്നും നിർമ്മിച്ച് ലഭ്യമാകുന്ന മുറയ്ക്ക് വലിയ വുഡൻ ബോട്ടുകൾക്ക് പകരം ഫൈബർ ബോട്ടുകൾ നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly